രാമപുരം ഗ്രാമപഞ്ചായത്ത്
"ഭരണഭാഷ-മാതൃഭാഷ"
രാമപുരം ബസാർ പി.ഒ ,കോട്ടയം-686576 , ഫോൺ:04822-260248
ഇ-മെയിൽ: ramapuramgpktm@gmail.com

നമ്പർ- ജെ.സി1- 2126/2026

തീയതി : 23/10/2026

# ലേല പരസ്യം

രാമപുരം ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിൽ രാമപുരം ടൗണിലുള്ള വൃദ്ധ വികലാംഗ വിപണന കേന്ദ്രത്തിലെ 9 മുറികൾ, ബസ്സ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ 10 മുറികൾ , വനിത കാർഷിക വിപണനകേന്ദ്രം 4 മുറികൾ എന്നിവ ഉപയോഗിക്കുന്നതിനുള്ള അവകാശം 2027 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

ലേല സ്ഥലം : രാമപുരം ഗ്രാമപഞ്ചായത്ത് കാര്യാലയം

തീയതി : 02/11/2026

സമയം പകൽ : 2 .30 പി എം

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പ് നിരതദ്രവ്യം ആയ 2000/- രൂപ (മുറി ഒന്നിന്) കെട്ടിവയ്ക്കേണ്ടതാണ്. ഏതെങ്കിലും വിധത്തിൽ പഞ്ചായത്തിൽ കുടിശ്ശിക ഉള്ളവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തിയവർ ലേല സെക്യൂരിറ്റിയായി 50,000/ രൂപ അടവാക്കേണ്ടതാണ്. ടി തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കുന്നതായിരിക്കും. ആയതിന് യാതൊരു പലിശയും നൽകുന്നതല്ല. ലേലം താത്കാലികമായി സ്ഥിരപ്പെടുത്തിയാൽ ലേലം കൊണ്ടയാൾ മൂന്നുമാസത്തെ വാടക മുൻകൂറായി കെട്ടി വയ്ക്കേണ്ടതാണ്. ഈ സംഖ്യയ്ക്ക് യാതൊരു പലിശയും നൽകുന്നതല്ല ലേലം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ള ലേല വ്യവസ്ഥകൾക്ക് വിധേയമായിരിക്കും ലേലം ഉറപ്പിക്കുന്നത് സംബന്ധിച്ച പരിപൂർണ്ണ

അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും. ലേലം നടത്തുമ്പോൾ ലേല സംഖ്യ മതിയാകാത്തതാണെന്ന് തോന്നിയാൽ ലേലം മാറ്റിവയ്ക്കുന്നതിന് ലേലം നടത്തുന്ന ഉദ്യോഗസ്ഥനും പ്രസ്തുത ഉദ്യോഗസ്ഥൻ താത്കാലികമായി സ്ഥിരപെടുത്തിയ ലേലം അസ്ഥിരപെടുത്തി പുനർ ലേലത്തിന് വയ്ക്കാൻ പഞ്ചായത്തിനും അധികാരമുണ്ടായിരിക്കുന്നതാണ്.

ലേല വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 02/11/2026 തീയതി 2.30 പി എം ന് മുമ്പായി നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്

2. ലേലത്തിൽ ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ / വിളിച്ചവരുടെ പേരിൽ ലേലം താത്കാലികമായി ഉറപ്പിക്കുന്നതും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി ലേലം അംഗീകരിക്കുന്നതുമാകുന്നു.

3. ലേലം അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം പഞ്ചായത്ത് കമ്മറ്റിയിൽ നിക്ഷിപ്തമാണ്.

4. ലേലം താത്കാലികമായി ഉറപ്പിക്കുന്ന അന്നു തന്നെ ഡെപ്പോസിറ്റ് തുകയും, അഡ്വാൻസ് വാടകയും 18 ശതമാനം നികുതിയും (ജിഎസ് ടി) ഉൾപ്പെടെ അടയ്ക്കേണ്ടതാണ്.

5. ലേലം കൊള്ളുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ ലേലവസ്തുക്കൾ/കടമുറികൾ നാശനഷ്ടം വരുത്താതെ സൂക്ഷിക്കേണ്ടതാണ്.

6. ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിന് ബാധകമാണ്.

7. പ്രവർത്തി സമയങ്ങളിൽ മുൻകൂർ അനുമതിയോടു കൂടി ലേല വസ്തുക്കൾ/കടമുറികൾ പരിശോധിക്കാവുന്നതാണ്.

8. ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവർത്തി ദിനം അതേ സമയത്ത് ലേലം നടത്തുന്നതാണ്.

9. ലേലം സംബന്ധിച്ച് ബഹുമാനപ്പെട്ട സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/ സർക്കുലറുകൾ ഈ ലേലത്തിന് ബാധകമായിരിക്കുന്നതാണ്.

10. പഞ്ചായത്ത് കമ്മിറ്റി ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം നിശ്ചിത തുകയുടെ മുദ്രപത്രത്തിൽ സ്വന്തം ചെലവിൽ ഉടമ്പടി തയ്യാറാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

11. ഉപയോഗിക്കുന്ന ഉപകരണ വസ്തുക്കളുടെയും വൈദ്യുതചാർജ്ജ് തുടങ്ങിയ മറ്റു ചെലവുകളും ലേലക്കാരൻ വഹിക്കേണ്ടതാണ്.

12. മുറികളിൽ നടത്തപ്പെടുന്ന കച്ചവടങ്ങൾക്ക് ലേലക്കാരൻ പഞ്ചായത്തിന്റെയോ സർക്കാരിന്റെയോ ലൈസൻസ് വാങ്ങിയിരിക്കേണ്ടതാണ്.

13. ലേലം കൊണ്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാതുമാസം 5-ാം തീയതിക്ക് മുമ്പായി പഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്.

14. മുറി ലേലം കൊണ്ടയാൾ യാതൊരു കാരണവശാലും മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.

15. പൊതുജനങ്ങളുടെ സാധനങ്ങൾ പാൻപരാഗ് ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമായ ഗുഡ്ക മുതലായ നിരോധിത ഉൽപ്പന്നങ്ങൾ മുറികളിൽ സൂക്ഷിക്കുകയോ, പ്രദർശിപ്പിക്കുകയോ, വില്പന നടത്തുകയോ ചെയ്യാൻ പാടില്ല. പഞ്ചായത്തിൽ നിന്നും ലൈസൻസ് വാങ്ങുന്ന കാര്യങ്ങൾക്കല്ലാതെ ലേലം കൊണ്ട് മുറി ഉപയോഗിക്കാൻ പാടുള്ളതല്ല.

16. പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകുന്നതും പെട്ടെന്ന് തീപിടിക്കുന്നതിന് സാദ്ധ്യത ഉള്ളതുമായ പദാർത്ഥങ്ങൾ, അതായത് വെടിമരുന്ന്, പെട്രോൾ മുതലായവയുടെ വ്യാപാരത്തിന് മുറി ഉപയോഗിക്കാൻ പാടുള്ളതല്ല.

17. മുറി ലേലത്തിൽ പിടിക്കുന്ന വ്യക്തി വ്യാപാരം / ഷോപ്പ് നടത്തുന്നതു മൂലമുണ്ടാകുന്ന മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ നീക്കം ചെയ്യേണ്ടതും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ കൂട്ടിയിടുകയോ വലിച്ചെറിയുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

18. വൃദ്ധ വികലാംഗ വിപണന കേന്ദ്രത്തിലെ എല്ലാ മുറികളും വൃദ്ധ/ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ളതാണ്.

19. ലേലം നടത്തപ്പെടുന്ന മുറികളിൽ പഞ്ചായത്ത് വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതല്ല.

20. പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് നിയമാനുസൃത ഇളവുകൾ നൽകുന്നതാണ്.

## ലേലത്തിൽ വയ്ക്കുന്ന മുറികൾ

1. വൃദ്ധ വികലാംഗ വിപണന കേന്ദ്രത്തിലെ 9 മുറികൾ

   5/633, 5/634 (താഴത്തെ മുറികൾ) 5/635, 5/636, 5/637, 5/638, 5/639, 5/640, 5/641 (മുകളിലത്തെ മുറികൾ)

2. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലുള്ള 10 മുറികൾ

   13/341, 13/343A, 13/346, 13/347, 13/348, 13/349, (താഴത്തെ മുറികൾ) 13/349A, 13/349B, 13/349C, 13/349D (മുകളിലത്തെ മുറികൾ)

3. വനിതാ കാർഷിക വിപണന കേന്ദ്രം 4 മുറികൾ

   13/338A ,13/338D ,13/338 E ,13/338F

കൂടുതൽ വിവരങ്ങൾക്ക് ഗ്രാമപഞ്ചായത്തോഫീസുമായി ബന്ധപ്പെടാവുന്നതാണ്.

OFFICE OF THE RAMAPURAM GRAMA PANCHAYAT
Email:
ramapuramgpktm@gmail.com
KOTTAYAM - 686 576
RAMAPURAM BAZAR P.O.

SECRETARY
RAMAPURAM GRAMA PANCHAYATH
RAMAPURAM BAZAR P.O
PIN - 686576